"ഭരണഭാഷ– മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2651 .     17.06.2019 ൽ മറുപടിയ്ക്ക്

## അക്കേഷ്യ മരങ്ങൾ മുറിക്കുവാൻ പദ്ധതി

| ചോദ്യം<br>ശ്രീ. കെ.ദാസൻ | | ഉത്തരം<br>ശ്രീ. കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നട്ടു പിടിപ്പിക്കപ്പെട്ട അക്കേഷ്യ മരങ്ങൾ വിവിധയിടങ്ങളിൽ അലർജി ഉണ്ടാക്കുന്നതായും കുടിവെള്ളം ഊറ്റുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരത്തിലുള്ള മരങ്ങൾ മുറിച്ചു മാറ്റാനായി വനം വകുപ്പ് ഏതെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; | (ബി) | പാതയോരത്തും മറ്റു സർക്കാർ ഭൂമിയിലുമുള്ള വളർച്ചയെത്തിയ അക്കേഷ്യ മരങ്ങൾ മുറിച്ചു മാറ്റി പകരം തദ്ദേശീയ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുള്ള ഓപ്പറേഷൻ ജന്മഭൂമി എന്ന പദ്ധതി സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽ നിന്നും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | റോഡ് അരികത്തും പൊതുസ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലുമുള്ള സ്ഥലങ്ങളിൽ വനം വകുപ്പ് വച്ച് പിടിപ്പിച്ചതും, റൊട്ടേഷൻ പ്രായം കഴിഞ്ഞതുമായ അക്കേഷ്യ മരങ്ങൾ മുറിച്ച് മാറ്റി പകരം തദ്ദേശീയ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുള്ള ഓപ്പറേഷൻ ജന്മഭൂമി എന്ന പേരിലുള്ള പദ്ധതിയാണ് വനം വകുപ്പ് സോഷ്യൽ ഫോറസ്റ്റി വിഭാഗത്തിൽ നിന്നും സർക്കാരിൽ ലഭ്യമായിട്ടുള്ളത്. ആയത് സർക്കാർ പരിശോധിച്ച് വരുന്നു. |

Sajeev
സെക്ഷൻ ഓഫീസർ